# ഗവ എൽ പി സ്കൂൾ
# അമ്പുകുത്തി

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025–26



# സ്കൂൾ വിവരങ്ങൾ

തികച്ചും സാധാരണക്കാർ വസിക്കുന്ന അമ്പുകുത്തിയുടെ ഹൃദയഭാഗത്തു സ്ഥിതി ചെയുന്ന വിദ്യാലയം ആണിത്.

| | |
|---|---|
| റവന്യൂ ജില്ല | വയനാട് |
| സ്കൂൾ കോഡ് | 15324 |
| സ്കൂളിന്റെ പേര് | ജി ൽ പി എസ് അമ്പുകുത്തി |
| മേൽവിലാസം | തൊവരിമല po |
| പിൻകോഡ് | 673592 |
| ഗ്രാമ പഞ്ചായത്ത് | നെന്മേനി |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| ക്ലാസുകൾ | Lkg മുതൽ 4 വരെ |

# ആമുഖം

അമ്പുകുത്തി ഗവൺമെന്റ് എൽ.പി സ്കൂളിൽ 2025-26 അധ്യയന വർഷം പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ 93 കുട്ടികൾ പഠിക്കുന്നു. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. മാറുന്ന കാലത്തിനനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു.

# വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്കൂളിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

* രക്ഷിതാക്കളുടെ സഹായമില്ലാതെ കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

* സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നരീതി വിശദീകരിക്കുന്നു.

* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് PTA കൾ ശക്തിപ്പെടുത്തും.

* സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാൻ.

* ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വാതന്ത്ര്യമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ
## വിവിധ ഘട്ടങ്ങൾ

* എസ്. ആർ. ജി യോഗം , സ്റ്റാഫ് യോഗം, പി.ടി എ യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർപ്ലാൻ കാഴ്ച്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
* കരട് രൂപരേഖ SRG , SMC , PTA , MPTA, STAFF COUNCIL എന്നിവയ്ക്ക് മുമ്പിൽ അവതരിപ്പിക്കൽ.
* ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
* സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

→ ഭാഷാശേഷി വികസനം
→ ഗണിതശേഷി വികസനം
→ ഇംഗ്ലീഷ് പഠന പരിപോഷണം
→ ശാസ്ത്രപോഷിണി പരിപാടി
→ വായനാ പരിപോഷണം.
→ നാടകക്കളരി

- ജൈവ വൈവിധ്യ ഉദ്യാനം.
- പഠനയാത്രകൾ
- ശാസ്ത്ര, കലാ കായിക മേളകൾ
- IT പരിശീലനം.
- പ്രവൃത്തി പരിചയ പഠനം.
- SRG ശാക്തീകരണം.
- പച്ചക്കറിത്തോട്ടം.
- ദിനാചരണങ്ങൾ
- കുട്ടി റേഡിയോ

## 2025-26 അധ്യയനവർഷം വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കുന്ന മികവ് പ്രവർത്തനങ്ങൾ

1. Easy English.. Sweet English..
   കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കാനും വായന വികസിപ്പിക്കുന്നത്.
2. കുഞ്ഞിക്കൈകളിലെ കുഞ്ഞെഴുത്ത്.
   കത്ത് എന്ന വിനിമയ ഉപാധിയിലൂടെ സർഗാത്മക രചന പ്രോത്സാഹിപ്പിക്കുക.
3. ഗണിതം ലളിതം..

# സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | ആവശ്യമായ സന്ദർഭം |
|---|---|---|---|---|
| • അനുയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക | പാഠപുസ്തകത്തിലെയും ടീച്ചർ ടെക്സ്റ്റിലെയും പാഠഭാഗങ്ങൾക്ക് പൂരകമായതും ഭാവാത്മക വായനക്കിണങ്ങുന്നതുമായ പുസ്തകങ്ങളോ പുസ്തകഭാഗങ്ങളോ സ്കൂൾ ലൈബ്രറിയിൽ നിന്നും വീട്ടും വേർതിരിച്ച് ക്രമീകരിക്കൽ | മെയ് 2025 | SRG | |
| • പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ വായനാ സാമഗ്രികൾ | കാഴ്ച്ച പരിമിതിയുള്ള കുട്ടിക്ക് കൂടി സഹായകമായ ശ്രവണ പാഠം ഒരുക്കൽ | മെയ് 2025 | SRG | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | PTA | പ്രവേശനോത്സവം. |

| | | | | |
|---|---|---|---|---|
| ലഭ്യമാക്കുക. അവ വായിച്ചവതരിപ്പിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുക. | ഭാവാത്മകമായി വായിച്ചു തയ്യാറാക്കിയ ചില രചനകൾ തൽസമയം എഴുതി കാണിക്കുന്നതരത്തിലുള്ള ഡിജിറ്റൽ സാമഗ്രികൾ തയ്യാറാക്കൽ | ജൂൺ ആദ്യ വാരം. | ക്ലാസ് PTA | |
| • വായനയിൽ കുട്ടികൾ പുലർത്തുന്ന മികവ് പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ. | കുട്ടികൾക്കിണങ്ങുന്ന പുസ്തകം / പുസ്തകഭാഗം ഭാവാത്മകമായി വായിച്ചു കേൾക്കാനവസരം. | ജൂൺ | SRG | വായനാവാരാചരണം. |
| | കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ | ജൂൺ 19 | PTA, SMC മറ്റ് സംഘടനകൾ | |
| | ഭാവനാത്മക വായനാവതരണ സന്ദർഭങ്ങൾ | ആഗസ്റ്റ്/സെപ്റ്റംബർ & നവംബർ / ഡിസംബർ | ക്ലാസ് PTA | |
| | | ജനുവരി | | ക്ലാസ് പഠനോത്സവം. |

# ഭാഷ

# ക്ലാസ്സ് 1

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

**പ്രവർത്തനങ്ങൾ**

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

3/6

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി     ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴി
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് ... പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

4/6

ജനുവരി

പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കണ്ടെത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കണ്ടെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

A GWLPS, AMBUKUTHY

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ്സ് തലം

GWLPS AMBUKUTHY
Class - II. A

## ഭാഷ

മേഖല: അക്കാദമികം
ഉപമേഖല: ഭാഷ.
ക്ലാസ്സ് - II

~~[illegible]~~

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തുമെല്ലാം രചനയിലേക്ക് നയിക്കുന്ന രചനാ ക്ലാസുകൾ<br>2) ലൈബ്രറിബുക്കുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ<br>ഡിസംബർ | SRG SMC ക്ലബ്ബുകൾ<br>മദർ പി.ടി.എ | മദർ പി.ടി.എ<br>~~[illegible]~~<br>SMC<br>PTA |
| സർഗാത്മകതയെ തട്ടി ഉണർത്താം | രചനാ ശില്പശാല, കഥ, കവിത, രചനകൾ കുറിപ്പ്, [illegible] ഒരുക്കൽ | ഡിസംബർ ജനുവരി | SMC<br>അധ്യാപകർ<br>പ്രമുഖ വ്യക്തികൾ. | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഭാഷ**

ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | ക്ലാസ് ടീച്ചർ |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ – ഡിസംബർ | ക്ലാസ് ടീച്ചർ |
| വായനാപരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. | നവംബർ | വായനശാല ക്ലബ് etc. |
| | 2) വാഹനാക്കളരി | | |
| | 3) നാട്ടുവായന – പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | ആഗസ്റ്റ് | ക്ലബ്ബുകൾ |

| | | | |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം വായനാക്കുറിപ്പ്, ആസ്വാദ കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ | സംയുക്ത ഡയറി എഴുതൽ പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## ഗ്രൂപ്പ് - 4

| Programme | Activity | Duration | പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. Pre Test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ ബാക്കി പൂരിപ്പിക്കുക | 6 months | Teachers<br>P.T.A |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്, വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല സജ്ജീകരിക്കൽ.<br>3. പുസ്തക പരിചയം | | |

| | | | |
|---|---|---|---|
| | 4. വായനാക്കുറിപ്പ്<br>5. ആസ്വാദനക്കുറിപ്പ്<br>6. പത്രം വായന. | വർഷം മുഴുവൻ | SRG<br>Teachers<br>CPTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | → പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | Class Tr |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| - ശുചിത്വനിലാം -<br>നമ്മുടെ പ്രാദേശിക ഭക്ഷണങ്ങൾ പരിചയപ്പെടൽ | - ഭക്ഷ്യമേള, പാചകക്കുറിപ്പുകളിലെ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | CPTA, Class Tr |

| | | | |
|---|---|---|---|
| കലക്കൂട്ട്. പാരമ്പര്യ ഉൽപന്നങ്ങളുടെ കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ, പ്രദർശനം | വർഷത്തിലൊന്ന് | HM, SRG, CPTA, class Tr |
| <u>സർഗോത്സവം</u> ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG, CPTA, ClassTr. |

# English

# Class 1

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

Class - II

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ്സ്തലം

മേഖല : അക്കാദമികം

വിഷയം : ഇംഗ്ലീഷ്

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശ |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | Let's Talk.. പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One Day English | മൂന്നു മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| വായന-അക്ഷരമറിഞ്ഞും ഒഴുക്കോടെയും | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ<br>വായനാക്യാമ്പുകൾ<br>ബാലപ്രസിദ്ധീകരണങ്ങളുടെ വായന | മാസത്തിൽ ഒന്ന്<br>3 മാസത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും | | | |

| | | | |
|---|---|---|---|
| എഴുതുവാനുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ ക്രമം | വർഷം മുഴുവനും | ക്ലാസ് ടീച്ചർ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | ആഴ്ച്ചയിൽ രണ്ടു ദിവസം – വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama etc..) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

# English

## Class-4

Aim - To speak, Read and write English without any mistakes.

Time - June to March

Pretest - To check the vocabulary and writing skills of Pupils

## June and July

- To develop listening skills and reading skills.

### Listening Skills

- Games, Actionsongs
- Conversations, skitstories, use ICT

### Speaking skills

- Identify the naming words from the nature.
- Identify the action words from the pictures
- Make Simple sentences using the action word and naming words about the picture.
- ~~Make symbol~~ ed
- Make simple description about the picture.
- Growing Sentences, Picture reading Self introduction Assemby are conducted.

### Reading Skills

- Newspaper reading, library books reading, book review, reading breaking news

- find words
- Collect and read Past tense
- Rhyming words,
- Describing words
- Text book activities

Writing Skills August - September

- Make word web
- Picture description with describing words
- Word chain, Sentence chain
- Make words and sentenses
- Make riddles, conversations,
- Add more lines

Activities

Speech
Book review
Quiz riddles
Self introduction
School Radio

Make description Magazines

October- November

→ To express thoughts, feelings etc

Reading Skill

- Newspaper reading, library books reading, book review, reading
- Conversation, skit stories use ICT materials.

- Reads breaking news
- Develop story

Writing Skills

- Description
- Notice Proclamation
- Thought
- Activities - speech quiz riddles, School radio, skits

December January

- Devolop the creative speaking and writing
- To express thoughts, feelings etc.

Reading Skill

- Newspaper reading, library books reading book review, reading
- Conversations, skit stories
- Reads breaking news
- Develop story
- Reads diary
- Reads letters from friends

Writing Skills

- Diary
- Letter
- Announcement

Activities

Speech quiz riddles, ~~Scho~~ makes magazines, skits, ~~classroom~~

## February and March

- To improve the presentation power.

### Reading Skill

- News paper reading, library books reading, book review, reading
- Reads diary
- Reads letters from friends.

### Writing skills

- Diary
- Announcement
- Notice
- Letter
- Description
- Proclamation
- Thought

### Activities

Speech quiz riddles, makes magazines, skits,

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG<br>SMC | |

മേഖല: അക്കാദമികം

ഉപമേഖല: പരിസരപഠനം

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാമത്സരം | ജൂൺ, ജൂലൈ | SRG SMC | SMC |
| | അവതരണങ്ങൾ | സെപ്തംബർ ഡിസംബർ | SRG SMC | PTA |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം. കാഴ്ച ബംഗ്ലാവിലേക്ക് | | | |
| നാടറിയാൻ- നാട്ടറിവുകൾ | കാണാ കാഴ്ചകൾ | ജനുവരി | SRG SMC | |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം

ക്ലാസ് -3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ ഓഗസ്ത് | ക്ലാസ്ടീച്ചർ |
| പ്രകൃതി വിഭവ സംരക്ഷണം. | ജൈവ-വൈവിധ്യ പാർക്ക് തടയണ, മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | SRG അധ്യാപകർ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പതിക്കണം വീടിനകത്തും | | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| നിരീക്ഷണം - അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ CPTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണം സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ |
| | | | |

# പരിസരപഠനം

ക്ലാസ്-4

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തിയെടുക്കുക | പ്രകൃതിനടത്തം | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• പ്രത്യേകതകൾ മനസിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>• ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>• കാവുകൾ ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം.<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.<br>• തെറ്റും ശരിയും ചർച്ച ചെയ്യാം | ജൂൺ-ഒക്ടോബർ |
| " | പച്ചക്കറിത്തോട്ടം ഒരുക്കാം | • സ്കൂൾ പച്ചക്കറിത്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പച്ചക്കറിത്തോട്ടം ഒരുക്കൽ | ജൂൺ-മാർച്ച് |
| | ഒരു തൈ നടാം | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ-മാർച്ച് |

| | | |
|---|---|---|
| നല്ല ശീലം | • പോസ്റ്ററുകൾ തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം | ജൂലായ് - മാർച്ച് |
| ഫീൽഡ് ട്രിപ്പ് | • നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>[കുളം, വയൽ, കാട് ..] | ജനുവരി- മാർച്ച് |
| പരീക്ഷണങ്ങൾ | • ശാസ്ത്ര കൗതുകങ്ങൾ വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| ശാസ്ത്രജ്ഞരോടൊപ്പം | • ക്യാമ്പ്<br>• വിദഗ്ദ്ധ ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു | ഡിസംബർ - ഫെബ്രുവരി |
| പക്ഷിനിരീക്ഷണം | • ക്യാമ്പ്<br>• പക്ഷിനിരീക്ഷണത്തിന് അവസരം | ജനുവരി- മാർച്ച് |

| | | | |
|---|---|---|---|
| | പോസ്റ്റർ നിർമ്മാണം | • പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ | ജൂൺ - മാർച്ച് |
| | ദാഹജലം | • പൂന്തോട്ടങ്ങളിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | മാർച്ച് - മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | • ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു | ജൂൺ - മാർച്ച് |
| | നമ്പർ വൺ | • ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | പരിസരനടത്തം | • നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ഡിസംബർ - ജനുവരി |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഎ<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

II. A GLPS, AMBUKUTHY

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ്സ് തലം

## ഗണിതം

മേഖല : അക്കാദമികം

ഉപമേഖല: ഗണിതം

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം<br>കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>ഗണിത ക്ലാമ്പ് ഗണിതം കളികളിലൂടെ | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ്സ് ടീച്ചർ | SSA |

**മേഖല** : അക്കാദമികം
**ഉപമേഖല** : ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ അനുഭവവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ്ടീച്ചർ |
| രൂപങ്ങൾ വരയ്ക്കാം | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖ | | |

| | | | |
|---|---|---|---|
| | പെടുത്താൻ തോരണ നിർമ്മാണം, തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്.<br>ചതുരം, വട്ടം, ത്രികോണം എന്നി രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | ജൂലായ്, ആഗസ്റ്റ് | ക്ലാസ്ടീച്ചർ |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം. | പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും ഗണിതപ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം<br>ഗുണന വസ്തുത കാർഡ് നിർമ്മാണം. | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ. |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (എണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# അറബിക്

അക്കാദമിക് മാസ്റ്റർ പ്ലാൻ. 2025-2026.

അറബിക്. [اللغة العربية]

ആമുഖം.

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ - നൽകിയിട്ടുള്ള ഭാഷയാണ്, ഭാഷകളിൽ ശ്രദ്ധേയമായ അറബിഭാഷ.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാ-സാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണിത്.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബിഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിനന്ദകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ വളരെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി അറിയുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക്

പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവി-
ധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന —
അക്കാദമിക് മാസ്റ്റർ പ്ലാൻ:-

അറബിക് പഠന വിഭാഗം:
ജി. എൽ. പി. എസ് അമ്പുകുത്തി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം: അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി. | <u>കൈത്താങ്ങ്</u><br>എഴുത്ത്, വായന.<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക. | ജൂൺ, ജൂലൈ | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | ബിആർസി |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | വായനാലോകം.<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | • ലളിതമായ അറബിക് പദകാർഡുകൾ, പുസ്തകശേഖരങ്ങൾ,<br>→ കഥാ പുസ്തകങ്ങൾ<br>→ ചിത്രകഥാ കാർഡുകൾ<br>→ അറബിക് ക്വിസ്<br>→ കുട്ടിക്കവിതകൾ<br><br>• ക്ലാസ്സ് വായന<br>ഓരോ അറബിക് പീരിഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br><br>• നന്നായി വായിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുക. | ആഗസ്റ്റ് - ഡിസംബർ | സ്കൂൾ ലൈബ്രറി<br><br>ക്ലാസ് ലൈബ്രറി<br><br>പുസ്തകങ്ങൾ | പുസ്തകങ്ങൾ<br><br>[illegible] |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | പദനിർമ്മാണം<br>പദശേഖരണം. | * അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർ-മ്മിക്കാൻ പരിശീലനം നൽകുന്നു.<br>* പുതിയ പദങ്ങൾ ശേഖരിക്കാൻ. അവസരം നൽകുന്നു.<br>* പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | | | |
| 4. | ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | * പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | ജനുവരി - മാർച്ച് | | CPTA |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ. |
| --- | --- | --- | --- | --- | --- |
| 5. | അറബിക് [illegible] അസംബ്ലി. | * മാസത്തിലൊരിക്കൽ സ്കൂൾ അസംബ്ലി (അറബി) നടത്തുന്നു. അതിനായി കുട്ടികളെ പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ് - ഫെബ്രുവരി | - | . അധ്യാപകർ. |
| 6. | അറബിക് മാഗസിൻ- | * കുട്ടികൾ തയ്യാറാക്കിയ പ്രവർത്തനങ്ങളിൽ മികച്ചത്. [1-4] - , | ജൂൺ - മാർച്ച് | പുസ്തകം. | |
| 7. | അറബിക് പ്രാർത്ഥന- | * പുതിയ അറബി പ്രാർത്ഥനകൾ കണ്ടെത്തുന്നു.<br>* കുട്ടികൾ പഠിച്ച പ്രാർത്ഥനകൾ ചൊല്ലുന്നു. | ആഴ്ചയിൽ ഒരു ദിവസം.<br>ജൂലൈ- മാർച്ച്. | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 8 | * ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള ഉല്പന്നങ്ങൾ<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മിക്കുന്നു.<br>* ക്വിസ് മത്സരങ്ങൾ നടത്തുന്നു. | 1 വർഷം | | |
| 9. | നല്ലെഴുത്ത് :- കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നൽകുന്നു. | ജൂലൈ മാർച്ച്. | പുസ്തകങ്ങൾ | ഭാഷാ സ്നേഹികൾ പൂർവ്വ വിദ്യാർത്ഥികൾ |
| 10. | അറബിക് ഫെസ്റ്റ്. | അറബിക് ദിനത്തിലോ അല്ലാതെയോ നടത്തുന്നു.<br>* ആദരിക്കൽ.<br>മത്സരങ്ങളിൽ മികവ് കാട്ടിയ കുട്ടികൾക്കുള്ള സമ്മാന ദാനം. | ജൂലൈ മാർച്ച് | സ്കൂൾ ഹാൾ, സമ്മാനങ്ങൾ | പിതാക്കൾ |